# 1. അഞ്ഞൂറുകോടി മനുഷ്യർ

മനുഷ്യചരിത്രത്തിലെ നിർണായകമായ ഒരു മുഹൂർത്തം, ഈയാണ്ടിൽ (1986) ജൂണിലോ, ജൂലൈയിലോ കഴിഞ്ഞുപോയി. ജീവിച്ചിരിക്കുന്ന മനുഷ്യരെ ഒന്നുമുതൽ അടയാളപ്പെടുത്തിത്തുടങ്ങിയാൽ, 'അഞ്ഞൂറുകോടി' എന്ന അടയാളപ്പെടുത്തേണ്ട ശിശുവിന്റെ പിറവിക്ക് സാക്ഷ്യം വഹിച്ച ഈ മുഹൂർത്തം, പക്ഷേ, ആരുടേയും ശ്രദ്ധയിൽ പെടുകയുണ്ടായില്ല. 1987 മാർച്ചിൽ ആയിരിക്കും ആ മുഹൂർത്തം വന്നുചേരുക എന്നായിരുന്നു ലോകമെങ്ങുമുള്ള ജനസംഖ്യാശാസ്ത്രജ്ഞരുടെ ധാരണ. എന്നാൽ, യഥാർത്ഥത്തിൽ ഉള്ളതിന്റെ രണ്ടു ശതമാനം കുറച്ചേ സാധാരണഗതിയിൽ എല്ലാ രാജ്യങ്ങളിലേയും ജനസംഖ്യക്കണക്കുകളിൽ ചേർക്കപ്പെടുന്നുള്ളു എന്ന് മിക്ക ജനസംഖ്യാശാസ്ത്രജ്ഞരും സമ്മതിക്കുന്നുണ്ട്. ഇതനുസരിച്ച് വ്യത്യസ്തരാജ്യങ്ങളിൽ ഇപ്പോൾ നിലവിലുള്ള ജനസംഖ്യക്കണക്കുകൾ ഒത്തുചേർത്തുനോക്കുമ്പോൾ, 1986 ജൂണിലോ, ജൂലൈയിലോതന്നെ ഈ ഭൂമിയിൽ ഒരേസമയം അഞ്ഞൂറുകോടി മനുഷ്യർ ജീവിച്ചിരിക്കുക എന്ന സ്ഥിതിവിശേഷം ഇദംപ്രഥമമായി വന്നുചേർന്നു. പക്ഷേ, ഈ വസ്തുത ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുക 1987 മാർച്ചിൽ ആയിരിക്കും. അപ്പോഴേക്ക് ലോകജനസംഖ്യ ആണ്ടിൽ രണ്ടു ശതമാനമെന്ന തോതിൽ വീണ്ടും വർദ്ധിച്ചിട്ടുണ്ടാവും. ഇപ്പോൾ ഓരോ സെക്കൻഡിലും മൂന്നു മനുഷ്യർവീതം ലോകത്തിൽ പിറന്നുകൊണ്ടിരിക്കുന്നു.

അചല (ഇളകാത്തത്), അനന്ത (അവസാനമില്ലാത്തത്), സ്ഥിര (അനങ്ങാതെ നിൽക്കുന്നത്), ഉർവി (വലുത്) എന്നെല്ലാം ഭൂമിക്കു പേരു നൽകിയ പ്രാചീനർക്ക് ഉണ്ടായിരുന്ന ഭൂസങ്കല്പം ഇക്കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളിൽ അമ്പേ തകർന്നിരിക്കുന്നു. വായുമണ്ഡലത്തിൽനിന്നുയർന്ന് ബാഹ്യാന്തരീക്ഷത്തിലെത്തി, ഭൂമിയിൽനിന്നു നാം ചന്ദ്രനെ, കാണുമ്പോലെ അന്തരീക്ഷവിദൂരതയിൽനിന്ന് ആദ്യമായി ഭൂഗോളത്തെ 1961–ൽ നിരീക്ഷിച്ച ഗഗാറിനും, ഗഗാറിന്റെ മാർഗം തുടർന്ന മറ്റ് അന്തരീക്ഷയാത്രികരും, താരതമ്യേന ചെറിയ ഒരു അന്തരീക്ഷയാനം മാത്രമാണു ഭൂമിയെന്നും ജീവനെ നിലനിർത്തുന്നതിനുള്ള അതിന്റെ കഴിവിന് പരിമിതിയുണ്ടെന്നുമുള്ള ബോധം ജനങ്ങളിൽ ഉളവാകുന്നതിനു സഹായിച്ചിട്ടുണ്ട്. ഇതിനോടൊപ്പം ഭൂമി എന്ന ഈ 'ഗ്രാമ'ത്തിൽ ഇത്രയേറെ ജനങ്ങൾ ആവശ്യമാണോ എന്ന ചിന്തയും സാർവത്രികമായിരിക്കുന്നു. അളവിലേറെ ആളുകൾ കയറിയാൽ കപ്പൽ മുങ്ങുകയേ ഉള്ളു. ഭൂമിയെന്ന ഈ അന്തരീക്ഷക്കപ്പലിൽ കയറാവുന്നതിൽ കൂടുതൽ ആളുകൾ ഇപ്പോൾത്തന്നെ കയറിപ്പററിയിട്ടുണ്ടോ? ഉണ്ടെന്നു വിശ്വസിക്കുന്നവർ കുറവല്ല.

ഒരൊററ ജൈവഘടകമെന്ന നിലയിൽ ഭൂമിയെപ്പററി നാം സംസാരിക്കുന്നുണ്ടെങ്കിലും എത്രയോ അധികം പരമാധികാര—സ്വതന്ത്രരാഷ്ട്രങ്ങൾ ആയി ഭൂമി ഖണ്ഡിക്കപ്പെട്ടിരിക്കുന്നു എന്നതാണ് പരമാർത്ഥം. ഭൂമധ്യരേഖയിൽനിന്ന് വടക്കോട്ടു നീങ്ങിക്കിടക്കുന്ന വിഭവസമ്പന്നങ്ങളായ പ്രദേശങ്ങളിലെ രാഷ്ട്രങ്ങളിൽ ജനസംഖ്യാസമ്മർദം താരതമ്യേന കുറവാണ്. ഈ രാഷ്ട്രങ്ങളിൽ പലതിലും ജനസംഖ്യ ആണ്ടുതോറും വദ്ധിക്കാതെ ഒരേ നിലയിൽത്തന്നെ സ്ഥിരമായി നില്ക്കുന്നുമുണ്ട്. എന്നാൽ, ഭൂമധ്യരേഖയ്ക്ക് ഇരുവശത്തുമുള്ള വിഭവദരിദ്രങ്ങളായ ഉഷ്ണമേഖലാപ്രദേശരാഷ്ട്രങ്ങളിൽ കൂട്ടുപലിശക്കണക്കിലാണ് ജനങ്ങളുടെ എണ്ണം പെരുകിവരുന്നതു്. ആഫ്രിക്കയിലെ കെനിയ ഒരു ഉദാഹരണമാണ്. കെനിയയിലെ ഭൂപ്രദേശത്തിൽ നാലിൽ മൂന്നും മരുഭൂമിപോലെ വരണ്ടതോ (ആരിഡ്), ഏറെക്കുറെ വരണ്ടതോ (സെമി ആരിഡ്) ആകുന്നു. എന്നിട്ടും ഈ പ്രദേശത്തിലെ ജനസംഖ്യ ഇക്കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾക്കകം ഇരട്ടിക്കുകയുണ്ടായി. ഇനിവരുന്ന പത്തു വർഷങ്ങൾക്കകം കെനിയയിലെ ഇന്നത്തെ ജനസംഖ്യ വീണ്ടും ഇരട്ടിക്കാനിടയുള്ളതായി ജനസംഖ്യാവിദഗ്ദ്ധർ കരുതുന്നു. കെനിയ ഒരു ഒററപ്പെട്ട ഉദാഹരണമല്ല. ഇന്ത്യയിലും പല പ്രദേശങ്ങളിലും സ്ഥിതി ഇതുതന്നെയാണ്. ലോകത്തിൽ ഏററവും അധികം ജനസാന്ദ്രതയുള്ള പ്രദേശങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കപ്പെടേണ്ടവയാണ് ലക്ഷദ്വീപുകളും, കേരളത്തിലെ ചില പ്രദേശങ്ങളും.

ജനസാന്ദ്രത സാമ്പത്തികവികസനത്തിന് ഉതകുന്നില്ല. മറിച്ച്, സാമ്പത്തികവികസനത്തെ അതു തടസ്സപ്പെടുത്തുകകൂടിചെയ്യുന്നു. വൻതോതിൽ മൂലധനനിക്ഷേപം ഇല്ലാതെ സാമ്പത്തികവികസനം സാദ്ധ്യമല്ല. സാമ്പത്തികവികസനത്തിന് ആവശ്യമായ മൂലധനം മററു രാജ്യങ്ങളെ കൊള്ളയടിച്ചു സ്വരൂപിക്കാവുന്ന കാലം കഴിഞ്ഞുപോയി. ആഭ്യന്തരവിഭവത്തിൽനിന്ന്, അന്നന്നത്തെ ഉപയോഗം കഴിഞ്ഞ് മിച്ചമുണ്ടാക്കിവേണം ഇനിയങ്ങോട്ട് ഓരോ രാജ്യത്തിലും മൂലധനം സംഭരിക്കാൻ. പക്ഷേ, മിച്ചം വയ്ക്കുന്നതു പോയിട്ട് ജനങ്ങൾക്കു ദിവസേന ഒരു നേരം വയറുനിറച്ച് ആഹാരം നൽകാൻതന്നെ വൻതോതിൽ കടമെടുക്കേണ്ട ദുരവസ്ഥയിലാണ് ഭൂമധ്യരേഖയോടടുത്തു കിടക്കുന്ന പല രാഷ്ട്രങ്ങളും. ജനസംഖ്യ വർദ്ധിക്കുന്നതോടൊപ്പം, ഈ രാഷ്ട്രങ്ങളിൽ ദാരിദ്ര്യവും വർദ്ധിക്കുന്നു. ദാരിദ്ര്യമോചനം എന്ന വിദൂരസ്വപ്നംപോലും ഈ രാഷ്ട്രങ്ങളിലെ മനുഷ്യർക്ക് നഷ്ടപ്പെടുകയുംചെയ്യുന്നു.

ചരിത്രത്തിലെ ആകസ്മികതകൾമൂലം അനന്തമായ സമ്പത്ത് കൈയടക്കിവെക്കാൻ ഭാഗ്യം കൈവന്നിട്ടുള്ള സമ്പന്നരാഷ്ട്രങ്ങൾ ഈ വസ്തുത കാണുന്നില്ലെന്നതു പ്രകടമായ ഒരു വിരോധാഭാസമാകുന്നു. മനുഷ്യവർഗത്തെ മാത്രമല്ല, ജൈവമണ്ഡലത്തെയാകെ ഭൂമുഖത്തുനിന്നു പലവട്ടം തുടച്ചുമാററാൻ പര്യാപ്തമായ സംഹാരായുധങ്ങൾ നിർമിച്ചുകൂട്ടുന്നതിൽ പരസ്പരം മത്സരിക്കുകയാണ് സമ്പന്നരാഷ്ട്രങ്ങൾ ഇപ്പോൾ. ഭൂമിയിൽ ആയുധക്കൂമ്പാരം നിറച്ചിട്ടു മതിവരാതെ, അന്തരീക്ഷത്തെക്കൂടി ആയുധവല്കരിക്കുന്നതിനുവേണ്ടി തങ്ങളുടെ സാമ്പത്തികമിച്ചമത്രയും നിക്ഷേപിക്കാനോ, ഈ നിക്ഷേപം വദ്ധിപ്പിക്കുന്നതിനായി ദരിദ്രരാഷ്ട്രങ്ങളെ പലമട്ടിൽ ചൂഷണം ചെയ്യാനോ സമ്പന്നരാഷ്ട്രങ്ങൾക്കു യാതൊരു മടിയുമില്ല.

ദരിദ്രരാഷ്ട്രങ്ങളിലെ ജനസംഖ്യാസമ്മർദം സാമ്പത്തികവികസനത്തെ തടസ്സപ്പെടുത്തുക മാത്രമല്ല ചെയ്യുന്നതു്. ഈ പ്രദേശങ്ങളിലെ അതിദുർബലമായ പ്രകൃതിസന്തുലനത്തെ ജനസംഖ്യാസമ്മർദം തകരാറിലാക്കുന്നു. ഇതു നിമിത്തം ജീവൻ നിലനിർത്തുന്നതിനുള്ള ഭൂമിയുടെ കഴിവ്

ആണ്ടുതോറും കുറഞ്ഞുവരുന്നതിനും ജനസംഖ്യാസമ്മർദം കാരണമായിത്തീരുന്നു. പെരുകിയ ജനങ്ങൾ കാടു കൈയേറി മരം വെട്ടുന്നതു നിമിത്തം മണ്ണൊലിച്ചു കൃഷിഭൂമികൾ തരിശുനിലങ്ങളാകുന്നു; നദികൾ വററുന്നു. ശുദ്ധജലം ദുർലഭമായിത്തീരുന്നു. ഇതോടൊപ്പം കാലാവസ്ഥയിലും അനാശാസ്യങ്ങളായ മാററങ്ങൾ വന്നുചേരുന്നു. ജനങ്ങളുടെ ചിരന്തനമായ ജീവിതരീതി അട്ടിമറിയുന്നു; സനാതനങ്ങളായ ധാർമികമൂല്യങ്ങൾ തകർന്നുപോകുന്നു. മനുഷ്യജീവിതംതന്നെ വലിയ അളവിൽ നിരർത്ഥകമായിത്തീരുന്നു.

ഈ ദുരന്തത്തെ വളരെ നാടകീയമായ രീതിയിൽ ഉദാഹരിക്കുന്നുണ്ട് ആഫ്രിക്കയിലെ ചില ജനപദങ്ങൾ. ആഫ്രിക്കയുടെ വടക്കുഭാഗത്ത് മെഡിററേനിയൻ കടൽത്തീരത്തുള്ള അൽജേറിയ, ലിബിയ, ഈജിപ്ത്, എത്തിയോപ്പിയ എന്നീ രാജ്യങ്ങൾക്കു തെക്ക് കിഴക്കുപടിഞ്ഞാറ് നെടുകെ മരുതുല്യമായ ഒരു വരണ്ട മേഖലയാണുള്ളത്. 'സാഹേൽ' എന്നറിയപ്പെടുന്ന ഈ മേഖലയുടെ പടിഞ്ഞാറുഭാഗമാണ് പ്രസിദ്ധമായ സഹാറ. സാഹേൽപ്രദേശത്ത് ഈ നൂററാണ്ടിന്റെ ആദ്യകാലത്തു പെയ്തിരുന്നതിന്റെ മൂന്നിലൊന്നു മഴയേ ഇപ്പോൾ പെയ്യുന്നുള്ളു. പതിനാറു വർഷംമുമ്പ് ആണ്ടുതോറും കിട്ടിയിരുന്നതിന്റെ പകുതി മഴമാത്രമേ ഇപ്പോൾ 'മാലി' എന്ന രാജ്യത്തിൽ കിട്ടുന്നുള്ളു. അടുത്ത ഏതാനും വർഷങ്ങളിലായി 'മൗറിട്ടാനിയ' എന്ന രാജ്യത്തിൽ ശരാശരി താപനില അഞ്ചു ഡിഗ്രി കണ്ട് കൂടുതലായിട്ടുണ്ട്. മുമ്പു പുൽമേടുകളും കാടുകളും ധാരാളമുണ്ടായിരുന്ന മൗറിട്ടാനിയയിലേക്ക്, ഇപ്പോൾ സഹാറ മരുഭൂമി ആണ്ടിൽ മൂന്നു മൈൽ എന്ന തോതിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. മരുഭൂപ്രദേശങ്ങളുടെ പരിസരങ്ങളിലായി സാഹേലിൽ നൂറെറഴുപതുകോടി ഏക്കർ പുൽമേടുകൾ 1968–ൽ ഉണ്ടായിരുന്നു. ഇക്കഴിഞ്ഞ പതിനെട്ടു വർഷങ്ങളിൽ ഈ പുൽമേടുകളുടെ വിസ്താരം നാലിലൊന്നായി കുറഞ്ഞിട്ടുണ്ടെന്ന് ഐക്യരാഷ്ട്രസംഘടനയുടെ പരിസ്ഥിതി പഠനസമിതി പറയുന്നു. ആഫ്രിക്കയിലെ മേച്ചിൽസ്ഥലങ്ങളിൽ എൺപതു ശതമാനത്തിനും പുല്ലു മുളപ്പിക്കുന്നതിനുള്ള ശക്തി നഷ്ടപ്പെട്ടിരിക്കുന്നു.

മരുഭൂപ്രായമായ സാഹേൽപ്രദേശത്ത് നാടോടികളായ കാലിവളത്തുകാരാണു പഴയ കാലംമുതൽ പാർത്തിരുന്നതു്. ഇപ്പോഴും രണ്ടുകോടിയോളം നാടോടികൾ ഇവിടെയുള്ളതായി കണക്കാക്കപ്പെടുന്നു. ഇവരിൽ, പത്തുലക്ഷത്തോളം വരുന്ന തുവാരേഗുകൾ മൗറിട്ടാനിയ, അൽജേറിയ, നൈജർ, മാലി, ഛാഡ് എന്നീ രാജ്യങ്ങളിലായി ചിതറിപ്പാർക്കുന്നു. ഈ രാജ്യങ്ങളിലെല്ലാം വളരെ ചെറിയ ന്യൂനപക്ഷം മാത്രമായതിനാൽ തുവാരേഗുകൾക്ക് എവിടെയും രാഷ്ട്രീയസ്വാധീനമില്ല.

എങ്കിലും ഇവരിൽ പലരും സമ്പന്നരായിരുന്നു. വലിയ പശുക്കൂട്ടങ്ങളും ഒട്ടകക്കൂട്ടങ്ങളും ഇവർക്കുണ്ടായിരുന്നു. കാലിത്തീററയുടെ ലഭ്യത അനുസരിച്ചു വ്യത്യസ്ത സ്ഥലങ്ങളിൽ കൂടാരമടിച്ചു സഞ്ചരിച്ചുപോന്ന തുവാരേഗുകളുടെ അന്തസ്സും പൗരുഷവും തികഞ്ഞ ജീവിതസമ്പ്രദായത്തെ ഈ നൂററാണ്ടിന്റെ ആരംഭത്തിൽ പല യൂറോപ്യൻ സഞ്ചാരികളും പ്രകീർത്തിച്ചിട്ടുണ്ട്.

'രാജകുമാരന്മാരെപ്പോലെ, ആരെയും ഭയപ്പെടാതെ, ആരുടെയും മുമ്പിൽ തലകുനിക്കാതെ, എല്ലാവരെക്കാളും മേലേ, അവർ വേഗത്തിലും അനായാസമായും' സഞ്ചരിച്ചു വന്നു. പക്ഷേ, കാലാവസ്ഥയിൽ വന്ന ദോഷകരമായ മാററത്തെത്തുടർന്നു പശുക്കളും ഒട്ടകങ്ങളും ചത്തൊടുങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ഈ മരുഭൂമിയുടെ സന്തതികൾ പരമദരിദ്രരും തെണ്ടികളുമായി പട്ടണങ്ങളിലെ ചേരികളിൽ അടിഞ്ഞു

കൂടി വരുകയാണ്. തങ്ങളെ ഇപ്പോൾ ബാധിച്ചിട്ടുള്ള ദുർഭിക്ഷത്തിൽ നിന്നു കരകയറുമെന്ന ആശ തുവാരേഗുകൾ ഉപേക്ഷിച്ചിരിക്കുന്നു.

അമേരിക്കയിലെ ഇൻഡ്യാന സർവകലാശാലയിൽ വിദ്യാഭ്യാസം നേടിയ ഇബ്രാഹിമ അഗ് യൂസഫ് എന്ന തുവാരേഗ് പറയുന്നു:

'ഞങ്ങളുടെ അടിസ്ഥാനമൂല്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. അച്ഛനും മകനുമിടയ്ക്കുള്ള പാരമ്പര്യബന്ധങ്ങൾ അററുപോയിരിക്കുന്നു. ഈ ബന്ധങ്ങളുടെ അടിസ്ഥാനം ഞങ്ങളുടെ പഴയ കാലിവളർത്തൽ സമ്പ്രദായമായിരുന്നു. കാലികളില്ലെങ്കിൽ, നിങ്ങൾ മകനെ എന്തു പഠിപ്പിക്കാനാണ്? ഞങ്ങളുടെ യുവജനങ്ങളിൽ അധികംപേരും ലിബിയ പോലുള്ള രാജ്യങ്ങളിൽ ജോലിതേടി പോവുന്നു.' സാഹേലിലെ പല തുവാരേഗ് ഗ്രാമങ്ങളിലും ഇപ്പോൾ പുരുഷന്മാർ ഇല്ല; സ്ത്രീകൾ മാത്രമേ ഉള്ളൂ. ജോലി തേടി മററു രാജ്യങ്ങളിൽ പോയ പലരും തിരിച്ചുവരുന്നില്ല; വീട്ടുകാർക്കു പണം അയച്ചിരുന്നതും മുടക്കുന്നു. ഇതിൻെറ ഫലമോ? 'മാലി' എന്ന രാജ്യത്തിലെ തുവാരേഗുകൾ അടക്കമുള്ള നാടോടി സമൂഹങ്ങളിലെ സ്ത്രീകൾ വിശപ്പടക്കാൻ വ്യഭിചരിക്കുന്നു. ഒരു കോഴിയെ കൊടുത്താൽ ഒരു നാടോടിസ്ത്രീയെ ഒരു പ്രാവശ്യം വ്യഭിചരിക്കാമെന്ന് മാലിയിലെ അമേരിക്കൻ സാമ്പത്തിക സഹായ സ്ഥാപനത്തിൻെറ കഴിഞ്ഞ ആണ്ടിലെ റിപ്പോർട്ടിൽ പറയുന്നുണ്ടത്രേ. ഈ സ്ത്രീകളുടെ ഭർത്താക്കന്മാരോ, കുടുംബാംഗങ്ങളോ ഇതിൽ പ്രതിഷേധിക്കാതായിരിക്കുന്നു. കുടുംബം പുലർത്താനായി ഒന്നിനുപുറകെ ഒന്നായി ഇരുപത്തിനാലു് പുരുഷന്മാരെ വിവാഹം ചെയ്ത ഒരു സ്ത്രീയെപ്പററിയും പരാമർശമുണ്ട്. കല്ലെറിഞ്ഞു കൊല്ലേണ്ട ഒരു കുററമായി വ്യഭിചാരത്തെ കാണുന്ന മുസ്ലീങ്ങളാണ് ഈ നാടോടികൾ എന്നും ഓർക്കുക.

മൗറിട്ടാനിയയിലെ ജനങ്ങളധികവും നാടോടികളായിരുന്നു. ഇരുപതുവർഷം മുമ്പ്, മൗറിട്ടാനിയയിലെ ശിശുക്കളിൽ നാലിൽ മൂന്നുപേരും പിറന്നിരുന്നതു് മരുഭൂമിയിലെ കൂടാരങ്ങളിലാണ്. ഇന്ന് ഈ നാടോടികൾ മിക്കവാറും മുഴുവനും തലസ്ഥാനത്തിനു ചുററുമുള്ള ചേരികളിൽ അടിഞ്ഞുകൂടിയിരിക്കുന്നു.

അവരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ, പലപ്പോഴും അവർക്കു കൂടുതൽ കഷ്ടപ്പാടുണ്ടാക്കുന്നു. വടക്കേ കെനിയയിൽ 'തുർഖാന' എന്ന തടാകത്തിന്നരികെ രണ്ടുകോടി ഇരുപതുലക്ഷം ഡോളർ ചെലവഴിച്ച് ഒരു മത്സ്യസംസ്കരണശാല നോർവേ ഗവണ്മെൻറ് സ്ഥാപിക്കുകയുണ്ടായി. 'തുർഖാന' എന്ന നാടോടിവർഗത്തെ പുനരധിവസിപ്പിക്കാനായിരുന്നു ഈ സഹായം. പക്ഷേ, മഴ കിട്ടാതെ തടാകം വററി, ഇരുപതിനായിരം തുർഖാനകൾക്കു തൊഴിലില്ലാതെയുമായി. അവരുടെ പശുക്കൾ ജനപ്പെരുപ്പംമൂലം, അതിനകം കൊല്ലപ്പെട്ടുകഴിഞ്ഞിരുന്നു.

നഗരജീവിതംപോലെ മനുഷ്യസംസ്കാരത്തിനു മഹത്തായ സംഭാവന നാടോടിജീവിതവും നൽകിയിട്ടുണ്ട്. ഇന്നിപ്പോൾ ആ ജീവിത സമ്പ്രദായം എന്നെന്നേക്കുമായി അവസാനിക്കുകയാണ്. മനുഷ്യചരിത്രത്തിലെ ഒരു ഘട്ടം അങ്ങനെ എന്നെന്നേക്കുമായി അസ്തമിക്കുന്നു. നാടോടികൾ ഇനിമേൽ പഴങ്കഥകളിൽ മാത്രം!

(അവലംബം: 1986 ഒക്ടോബർ 27—ലെ 'ന്യൂസ്‌വീക്ക്' വാരികയിലെ ഒരു ലേഖനം)